പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 819 10.02.2016 - ൽ മറുപടിയ്ക്ക്

**അവശ്യമരുന്നുകളുടെ ലഭ്യത**

| ചോദ്യം<br>പ്രൊഫ.സി. രവീന്ദ്രനാഥ് : | ശ്രീ. വി. എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) പലപ്പോഴും അവശ്യ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും അവശ്യ മരുന്നുകൾ വാർഷിക ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്യിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ അവശ്യമരുന്നുകളുടെ കരുതൽ സ്റ്റോക്ക് സൂക്ഷിക്കുന്നുമുണ്ട്. അവശ്യമരുന്ന് ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എങ്കിൽ ഇത് ലഭ്യമാക്കാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) കാൻസർ രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായുള്ള ഇ-ടെണ്ടറുകൾ 2015 ജനുവരി 8 ന് ക്ഷണിക്കുകയും അതിൽ വിതരണക്കാരെ ലഭിക്കാത്തതും ദേശീയ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്യിരുന്ന മരുന്നുകളും ഉൾപ്പെടെയുള്ളവയ്ക്ക് 2015 ജൂൺ മാസം റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതനുസരിച്ച് നടപ്പ സാമ്പത്തിക വർഷം വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ള മറ്റെല്ലാ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും ഇൻഡന്റ് അനുസരിച്ച് ആശുപത്രികൾക്ക് വിതരണം നടത്തി വരുന്നു . |

സെക്ഷൻ ഓഫീസർ